(ഇ) അന്വേഷണം ഇതുവരെ പൂർത്തിയായിട്ടില്ലെങ്കിൽ അന്വേഷണം പൂർത്തിയാക്കാൻ ഇത്രയും കാലതാമസം വരാൻ കാരണമെന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. സ്റ്റേഡിയം/മിനിസ്റ്റേഡിയം/ബസ് സ്റ്റാന്റ് നിർമ്മിക്കുന്നതിനുള്ള സ്ഥലമെടുപ്പു സംബന്ധിച്ച് 18.5.99-ലും ചേനങ്കര-കരിമാളം തോട് നിർമ്മാണം സംബന്ധിച്ച് 19.5.99-ലും വീടനുവദിക്കുന്നതിലെ ക്രമക്കേടു സംബന്ധിച്ച് 19.5.99-ലും പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണം നടത്തിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) അന്വേഷണ റിപ്പോർട്ട് സർക്കാരിന് ലഭിച്ചാലുടനേ അതു പരിശോധിച്ച് മേൽനടപടികൾ കൈക്കൊള്ളുന്നതാണ്.

(ഇ) അന്വേഷണം പൂർത്തിയായിട്ടുണ്ട്.

131 (1357) വികസന അതോറിറ്റികൾ

ശ്രീ. കെ. സുധാകരൻ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. കെ.കെ. രാമചന്ദ്രൻമാസ്റ്റർ :
ശ്രീ. ജോർജ് ജെ. മാത്യൂ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര വികസന അതോറിറ്റികളുണ്ട്; ഏതെല്ലാം ;

(ബി) പ്രസ്തുത വികസന അതോറിറ്റികൾ നിർത്തലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ കാരണമെന്ത്;

(സി) നിർത്തലാക്കുന്ന വികസനഅതോറിറ്റികൾ ഏതെല്ലാമാണ്;

(ഡി) ഇവ നിർവ്വഹിച്ചുവന്ന കർത്തവ്യങ്ങളും ഉത്തരവാദിത്വങ്ങളും ആരെ ഏല്പിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ 12 വികസന അതോറിറ്റികളുണ്ട്. അവ താഴെ പറയുന്നവയാണ്.

1. തിരുവനന്തപുരം വികസന അതോറിറ്റി.
2. കൊല്ലം വികസന അതോറിറ്റി.
3. ആലപ്പുഴ വികസന അതോറിറ്റി.
4. കോട്ടയം വികസന അതോറിറ്റി.
5. ഇടുക്കി വികസന അതോറിറ്റി.

LIBRARY ARCHIVES Kerala Legislative Assembly

6. വിശാലകൊച്ചി വികസന അതോറിറ്റി.
7. ഗോശ്രീദ്വീപ് വികസന അതോറിറ്റി.
8. തൃശ്ശൂർ നഗര വികസന അതോറിറ്റി.
9. പാലക്കാട് വികസന അതോറിറ്റി.
10. കോഴിക്കോട് വികസന അതോറിറ്റി.
11. കണ്ണൂർ വികസന അതോറിറ്റി.
12. കാസർഗോഡ് വികസന അതോറിറ്റി.

(ബി) ചില വികസന അതോറിറ്റികൾ നിർത്തലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

വികസന അതോറിറ്റികളുടെ പ്രവർത്തനം സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നൽകുവാൻ നിയുക്തമായിരുന്ന ബാലചന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെയും പഞ്ചായത്ത് - നഗരപാലികാനിയമങ്ങൾ അനുസരിച്ച് ആസൂത്രണവും വികസനവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനപരിധിയിൽ വരുന്നതിനാൽ വികസന അതോറിറ്റികൾ നിർത്തലാക്കണമെന്ന അധികാര വികേന്ദ്രീകരണ (സെൽ) കമ്മിറ്റിയുടെയും ശുപാർശയുടെ അടിസ്ഥാനത്തിലാണ് വികസന അതോറിറ്റികൾ ഘട്ടംഘട്ടമായി നിർത്തലാക്കാൻ ഉദ്ദേശിക്കുന്നത്.

(സി) ഏതെല്ലാം വികസന അതോറിറ്റികളാണ് നിർത്തലാക്കുന്നത് എന്നതു സംബന്ധിച്ച് അന്തിമ തീരുമാനം ആയിട്ടില്ല.

(ഡി) ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏല്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

132 (1358) ഡി.ആർ.ഡി.എ. യുടെ പ്രവർത്തനം

ശ്രീ. എം.കെ. മുനീർ :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. സി. മൊയീൻകുട്ടി :
ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡി.ആർ.ഡി.എ. നിർത്തലാക്കി അവയുടെ പ്രവർത്തനം ജില്ലാ പഞ്ചായത്തിൽ ലയിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഡി.ആർ.ഡി.എ.യുടെ പ്രവർത്തനത്തിൽ ഉണ്ടായിരുന്ന വീഴ്ചകൾ എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) വീഴ്ചകൾക്ക് ഉത്തരവാദികളായവർക്കെതിരെ നടപടി എടുത്തിട്ടുണ്ടോ;

(ഡി) പുതിയ സംവിധാനം കൊണ്ട് ഉദ്ദേശിക്കുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഡി.ആർ.ഡി.എ. നിർത്തലാക്കി അതിന്റെ പ്രവർത്തനങ്ങൾ ജില്ലാ പഞ്ചായത്തിനെ ഏൽപ്പിക്കണമെന്നും അതിലെ സ്റ്റാഫിനെ ജില്ലാ പഞ്ചായ

LIBRARY ARCHIVES Kerala Legislative Assembly